**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2459** **17-03-2022 - ൽ മറുപടിയ്ക്ക്**

**ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിങ്ങ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിയോജകമണ്ഡലങ്ങളിൽ ജനപ്രതിനിധികൾ നൽകുന്ന പ്രവൃത്തികളുടെ ടെണ്ടർ സേവിങ്ങ്സ് ഉപയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | ഓരോ വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെൻഡർ അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ടാകുന്ന ടെണ്ടർ എക്സസ്/ ടെണ്ടർ സേവിംഗ്സ് ആ വർഷത്തെ പരമാവധി അഞ്ചു കോടി രൂപയിൽ കണക്കാക്കി കൂടുതൽ /കുറവ് വരുന്ന തുക അടുത്ത വർഷം അനുവദിച്ചിരിക്കുന്ന 5 കോടി രൂപയിൽ തട്ടിക്കിഴിക്കേണ്ടതാണ്. ഒരു സാമ്പത്തികവർഷം അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടേയും ടെണ്ടർ എക്സസ്/ ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി പരിഗണിക്കേണ്ടതാണ്. ഇപ്രകാരം ടെണ്ടർ എക്സസ്/ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തികവർഷം മുതൽ പ്രാബല്യമുണ്ട്. |
| (ബി) | ടെണ്ടർ സേവിങ്ങ്സ് ഉപയോഗാനുമതി ഏത് വർഷം മുതലുള്ള സേവിങ്ങ്സിനാണ് നൽകിയിട്ടുള്ളതെന്നും ഏറനാട് നിയോജകമണ്ഡലത്തിൽ ടെണ്ടർ സേവിങ്ങ്സ് ഉപയോഗിച്ച് പുതിയ പ്രൊപ്പോസൽ നൽകാൻ കഴിയുന്ന തരത്തിൽ ഇത് വരെയുള്ള ടെണ്ടർ സേവിങ്ങ്സ് എത്രയുണ്ടെന്ന് ഓരോ വർഷം തിരിച്ചുള്ള വിശദാംശം വെളിപ്പെടുത്തുമോ? | (ബി) | ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തികവർഷം മുതൽ പ്രാബല്യമുണ്ട്. ഏറനാട് നിയോജകമണ്ഡലത്തിലെ ടെണ്ടർ സേവിങ്ങ്സ് കണക്കുകൾ ചുവടെ ചേർക്കുന്നു. വർഷം തുക 2017-18 5,51,939/- 2018-19 27,36,348/- 2019-20 4,69,694/- 2020-21 3,13,970/- |

സെക്ഷൻ ഓഫീസർ